LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

322 (300) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15, 2015-16 വർഷത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 2014-ൽ 13,852 കേസ്സുകളും 2015-ൽ 12173 കേസ്സുകളും 2016 ജനുവരി 30 വരെ 934 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

രാഷ്ട്രീയകക്ഷികളിൽപ്പെട്ടവർ പ്രതിചേർക്കപ്പെട്ട കേസ്സുകൾ

323 (301) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധവും പേരുൾപ്പടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; ഓരോ കേസിലേയും പ്രതികൾ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ്സുകളിൽ സി.ബി.ഐ. അന്വേഷണത്തിന് കൈമാറിയ കേസ്സുകൾ ഏതെല്ലാം;

(ഡി) പ്രതികൾക്കുമേൽ യു.എ.പി.എ. ചുമത്തിയ കേസ്സുകൾ ഏതെല്ലാം;

(ഇ) സംസ്ഥാന പോലീസ് അന്വേഷിച്ച ഏതെല്ലാം കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു; ഏതെല്ലാം കേസ്സുകളിൽ ഇനിയും പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാനുണ്ട്;

(എഫ്) പ്രസ്തുത കാലയളവിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്; ഇതിൽ വിവിധ രാഷ്ട്രീയ കക്ഷികളിൽപ്പെട്ട എത്ര പേർക്ക് വീതം പരിക്ക് പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) ഇതേ കാലയളവിൽ വിവിധ സമരങ്ങൾക്കും പ്രകടനങ്ങൾക്കുമെതിരെ പോലീസ് നടത്തിയ ബലപ്രയോഗത്തെ തുടർന്ന് വിവിധ രാഷ്ട്രീയ കക്ഷികളിൽപ്പെട്ട എത്ര പേർക്ക് വീതം പരിക്ക് പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രകടനങ്ങളിലും സമരങ്ങളിലും പങ്കെടുത്തതിനെത്തുടർന്ന് വിവിധ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട എത്ര പേർക്കെതിരെ വീതം ഇക്കാലയളവിൽ കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.